(ബി) കേരളത്തിന്റെ അപേക്ഷ പരിസ്ഥിതി അപ്രൈസൽ സമിതി നിഷേധിച്ചതായി രേഖാമൂലമുള്ള അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള ചില പത്രക്കുറിപ്പുകൾ (Press release) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം (EIA Study) കഴിവതും വേഗം തുടങ്ങുവാനുള്ള നിയമാനുസരണ നടപടി കളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും നിയമ വിദഗ്ധരുടെ ഉപദേശം കൂടി ആരാഞ്ഞുകൊണ്ട് സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

4 (*364) ശ്രീ. സി. കൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികളും വിവിധതരം പനിയും വ്യാപിക്കുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡോക്ടർമാരുടെ ഒഴിവ് നികത്താനും, പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ അടിസ്ഥാന മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കാനുമായി എന്തൊക്കെ ചെയ്തെന്ന് അറിയിക്കുമോ ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) പരിശോധിച്ചിട്ടുണ്ട്. മഴക്കാലാരംഭത്തിൽ വൈറൽ പനികളാണ് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം വൈറസ്സുകളുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കുന്നതുകൊണ്ടാണ് പ്രധാനമായും ഈ വർദ്ധനവുണ്ടാകുന്നത്. എച്ച്1 എൻ1 എന്ന വൈറസ് രോഗവും ഡെങ്കിപ്പനിയും ഈ വർഷം രാജ്യവ്യാപകമായുണ്ടായ വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ട്. അന്തരീക്ഷ താപത്തിലെ മാറ്റങ്ങളും കാലാവസ്ഥാ മാറ്റങ്ങളും പാരിസ്ഥിതിക മാറ്റങ്ങളു മൊക്കെ വിവിധതരം വൈറസ് രോഗങ്ങളുടെ വ്യാപനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

രണമായി മാറുന്നതായി ലോകാരോഗ്യ സംഘടന ചൂണ്ടിക്കാട്ടുന്നുണ്ട്. കൊതുക ജന്യരോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നിവയുടെ വർദ്ധനവിന് കൊതുക് വളർച്ചയ്ക്ക് അനുകൂല സാഹചര്യങ്ങൾ കാരണമാകുന്നുണ്ട്. അമിതമായ തോതിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ചിട്ടയായ സംവിധാനങ്ങളുടെ അഭാവം, നഗരവൽക്കരണം, ജീവിതശൈലിയിലുണ്ടാകുന്ന മാറ്റം മുതലായവയെല്ലാം കൊതുക് വളർച്ചയ്ക്ക് അനുകൂല പാരിസ്ഥിതിക ഘടകങ്ങൾ ഒരുക്കുന്നുണ്ട്. വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യരോഗങ്ങൾ മഴക്കാലാരംഭത്തോടെ സാധാരണ കൂടുതലായി കണ്ടു വരുന്നുണ്ട്. ഇക്കാലത്ത് ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടാനുള്ള സാധ്യത കൂടുതലായതുകൊണ്ടാണ് ഇതുണ്ടാകുന്നത്. എലികളുടേയും മറ്റ് ചെറുജീവികളുടേയും മൂത്രംവഴി പകരുന്ന എലിപ്പനി (വിൽസ് ഡിസീസ്) കഴിഞ്ഞ കുറച്ച വർഷങ്ങളായി കേരളത്തിൽ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത്തരം ജീവികളിൽ നിന്ന് ഒരിനം ചെള്ളുവഴി പകരുന്ന സ്ക്രബ് ടൈഫസ് (ചെള്ളുപനി) തുടങ്ങിയ ചില ജന്തുജന്യരോഗങ്ങളിൽ വർദ്ധനവ് ലോകവ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പാരിസ്ഥിതിക ഘടകങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ കൂടുതലായി മലേറിയ, ഫൈലേറിയാസിസ്സ്, ലെപ്രസി എന്നിവയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സംസ്ഥാനത്ത് ഒറ്റപ്പെട്ട കേസ്സുകളായി കാലാ അസ്സർ (ലീഷ് മാനിയാസിസ്സ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരങ്ങളിൽ വിദഗ്ധ സംഘങ്ങൾ അതാത് പ്രദേശങ്ങൾ സന്ദർശിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ അവരുടെ നിർദ്ദേശാനുസരണം ശക്തിപ്പെടുത്തി വരുന്നുണ്ട്. ലബോറട്ടറി സർവ്വെയലൻസിന്റെ ഭാഗമായും രോഗ നിർണ്ണയത്തിനും രക്തസ്രവ സാമ്പിളുകൾ കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ധ ലബോറട്ടറികളിലയച്ച് പരിശോധനകളും നടത്തുന്നുണ്ട്.

(ബി) അസിസ്റ്റന്റ് സർജൻമാരുടെ നിലവിലുള്ള വിവിധ ജില്ലകളിലെ 149 ഒഴിവുകളിലേയ്ക്ക് പി. ജി. പഠനം പൂർത്തിയാക്കിവരുന്ന മെഡിക്കൽ ആഫീസർമാർക്ക് ഇതിനോടകം നിയമന ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ പി.എസ്.സി.-യിൽ നിന്നും 47 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയതിൽ 10 പേർ ഇതിനോടകം സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. അതോടൊപ്പം ജൂലൈ 31 -നകം പി.ജി. പഠനം പൂർത്തിയാക്കി വരുന്ന 31 മെഡിക്കൽ ആഫീസർമാർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ഒഴിവുകൾ നിലവിൽ ഡി.പി.സി. ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ താൽക്കാലിക പ്രൊമോഷൻ നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പെഷ്യാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കേഡറിലെ ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് നിലവിൽ സർവ്വീസിലുള്ള മെഡിക്കൽ ആഫീസർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് അതാതു സ്പെഷ്യലിസ്റ്റുകളുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ വിവിധ സ്പെഷ്യാലിറ്റിയിൽ ഉള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകി ഒഴിവുകൾ നികത്തിവരുന്നു. വിവിധ ജില്ലകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എൻ.എച്ച്.എം മുഖേന 537 ഡോക്ടർമാർക്കും അഡ്ഹോക് വ്യവസ്ഥയിൽ 255 ഡോക്ടർമാർക്കും നിയമനം നൽകി സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. പി.എച്ച്.സി. ഇല്ലാത്ത 24 ഗ്രാമപഞ്ചയത്തുകളിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം വീതം അനുവദിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളെന്ന നിലയ്ക്ക് പി.എച്ച്.സി./സി.എച്ച്.സി. എന്നിവയുടെ അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾ അവ നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ./എം.പി. ആസ്തി വികസന ഫണ്ട് തുടങ്ങിയവ വഴിയും വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് വേണ്ട മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ഓരോ സ്ഥാപനത്തിനും അതിന്റെ വാർഷിക ഇൻഡന്റ് അടിസ്ഥാനമാക്കി വാങ്ങി ലഭ്യമാക്കിവരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പ്രൈമറി ഹെൽത്ത് ലാബുകൾ എൻ.എച്ച്.എം. മുഖേന സ്ഥാപിച്ചുവരുന്നു. കൂടാതെ, ആരോഗ്യ കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണവും എൻ.എച്ച്.എം. മുഖേന നടത്തി വരുന്നു.

(സി) ഉണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നുണ്ടോ എന്ന് വിവിധ തലങ്ങളിൽ വിയിരുത്താറുണ്ട്. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി യോഗങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ/സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ/ജില്ലാ മെഡിക്കൽ ഓഫീസിൽ/ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തുന്ന പ്രതിദിന/പ്രതിവാര/പ്രതിമാസ യോഗങ്ങളിലും ഇത് വിയിരുത്തി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു. കൂടാതെ ബഹു. മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രിമാർ, എം.എൽ.എ.-മാർ മറ്റു ജനപ്രതിനിധികൾ, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിലും അവലോകനം നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ജില്ലാതല വിദഗ്ധ സംഘവും (റാപിഡ് റെസ്പോൺസ് ടീം) കൂടുതൽ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ജില്ലകളിൽ സംസ്ഥാന തല വിദഗ്ധ സംഘവും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly